# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 27 — 04.02.2013-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ.കെ.സുരേഷ് കുറുപ്പ് — ശ്രീ. ഉമ്മൻചാണ്ടി, ബഹു. മുഖ്യമന്ത്രി

## വിവിധ വകുപ്പുകൾ ചെലവഴിച്ച തുക

| | | |
|---|---|---|
| (എ) | മുഖ്യമന്ത്രി ചുമതല വഹിക്കുന്ന വകുപ്പുകൾ ഓരോന്നിനും 2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയും, 2013 ജനുവരി 31-ന് മുൻപായി ചെലവഴിച്ചതുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | 2012- ഡിസംബർ 31 വരെയുള്ള പ്രാഥമിക കണക്കുകൾ മാത്രമെ അക്കൗണ്ടന്റ് ജനറൽ ഇതേ വരെ ക്രോഡീകരിച്ചിട്ടുള്ളൂ. മുഖ്യമന്ത്രി ചുമതല വഹിക്കുന്ന വകുപ്പുകൾക്ക് നടപ്പുവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ഡിസംബർ 31 വരെ ചെലവായ തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ വകുപ്പുവഴിയും നടപ്പാക്കുന്നതിന് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതികൾ എന്തൊക്കെയായിരുന്നു; | 1. മുന്നോക്ക സമുദായ വികസന കോർപ്പറേഷൻ.<br>2. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് ഫാസ്റ്റ് ട്രാക്ക് കോടതികൾ.<br>3. ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ കൺസോർഷ്യം രൂപീകരണം.<br>4. ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്ന-തിനായി ടെക്നോളജി ഫെസ്റ്റിവൽ.<br>5. മൂന്നാറിലെ പാർവ്വതിമലയിൽ ഒരു ബൊട്ടാണിക്കൽ ഗാർഡൻ.<br>6. രാമച്ചം നട്ടുപിടിപ്പിച്ച് പുഴയോരങ്ങൾ സംരക്ഷിക്കുന്ന പദ്ധതി. |

| | | |
|---|---|---|
| (സി) | അവയിൽ എന്തെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി; | മുന്നോക്ക സമുദായ വികസന കോർപ്പറേഷൻ, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് ഫാസ്റ്റ് ട്രാക്ക് കോടതി (എറണാകുളം ജില്ലയിൽ) എന്നിവ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയാണ്. |
| (ഡി) | പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ; | |
| (ഇ) | ഭരണാനുമതി നൽകിയിട്ടില്ലാത്തവ ഏതൊക്കെ? | |

സെക്ഷൻ ഓഫീസർ

2012-13

| | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക * |
|---|---|---|
| | (രൂപ ലക്ഷത്തിൽ) | |
| ഇലക്ഷൻ | 1970.20 | 2156.71 |
| പൊതുഭരണം | 9696.17 | 9212.09 |
| സൈനിക ക്ഷേമം | 6910.84 | 5226.43 |
| ശാസ്ത്ര സാങ്കേതിക വകുപ്പ് | 10146.00 | 5036.26 |
| പരിസ്ഥിതി വകുപ്പ് | 1234.44 | 680.25 |
| നീതി ന്യായം | 33813.78 | 24238.44 |
| അന്തർ സംസ്ഥാന നദീജലം | 189.34 | 130.46 |
| ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് | 392.11 | 380.86 |

* അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ അനുസരിച്ച്

സെക്ഷൻ ഓഫീസർ